"ഭരണഭാഷ മാതൃഭാഷ"

**ചിറ്റൂർ സർക്കാർ കോളേജ് പ്രിൻസിപ്പാളുടെ നടപടിക്രമം**
**ഹാജർ: ഡോ. അനുരാധ വി കെ, സ്പെഷ്യൽ ഗ്രേഡ് പ്രിൻസിപ്പാൾ (PEN - 461665)**

സർക്കാർ കോളേജ്, ചിറ്റൂർ - ഹരിത കേരളം മിഷൻ ഹരിത പ്രോട്ടോകോൾ - കോളേജിൽ നടപ്പിലാക്കി ഉത്തരവ് - പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്;

---

ഉത്തരവ് നമ്പർ:A4/579/2022/GCCTR    തീയതി:02.06.2022

---

*പരാമർശം:*-(1.) 31.03.2022 തീയതി ഉച്ചക്ക് 2.30 ന് പ്രിൻസിപ്പാളുടെ ചേമ്പറിൽ ചേർന്ന കൂടിയാലോചനയോഗ തീരുമാനം.
(2.) 06.04.2022 തീയതിയിലെ A4/579/2022/GCCTR നമ്പർ ഗ്രീൻ പ്രോട്ടോകോൾ കമ്മിറ്റി രൂപീകരണ ഉത്തരവ്.

**ഉത്തരവ്**

ഹരിത കേരളം മിഷൻ ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങൾ ചിറ്റൂർ സർക്കാർ കോളേജിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 31.03.2022 -ന് ഉച്ചക്ക് 2.30 മണിക്ക് കോളേജ് പ്രിൻസിപ്പാളുടെ അധ്യക്ഷതയിൽ ജില്ലാ ഹരിതകേരളം മിഷൻ കോ-ഓർഡിനേറ്റർ ശ്രീ . വൈ. കല്യാണ കൃഷ്ണൻ, കോളേജ് ഗ്രീൻ പ്രോട്ടോകോൾ നോഡൽ ഓഫീസർ ശ്രീ . കെ പ്രദീഷ് എന്നിവരുടെ സാനിധ്യത്തിൽ ചേർന്ന കൂടിയാലോചന യോഗ തീരുമാന പ്രകാരം താഴെ പറയുന്ന തീരുമാനങ്ങൾ നടപ്പിൽ വരുത്തി ഉത്തരവാകുന്നു .

1. കോളേജ് കാമ്പസിൽ ഏകോപയോഗ (use & throw) പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം പൂർണമായും നിരോധിച്ചിരിക്കുന്നു.

2. പ്ലാസ്റ്റിക്കുകൊണ്ടുള്ള ഗ്ലാസ്സുകൾ, വെള്ളകുപ്പികൾ, പേപ്പറുകൾ, ഫ്ലെക്സ്, തോരണങ്ങൾ എന്നിവ ക്യാമ്പസിനകത്ത് യാതൊരു കാരണവശാലും ഉപയോഗിക്കരുത്.

3. തെർമോക്കോൾ അടിസ്ഥാനപ്പെടുത്തിയുള്ള പ്ലേറ്റുകൾ തോരണങ്ങൾ എന്നിവ ക്യാമ്പസ്സിൽ ഉപയോഗിക്കരുത്.

4. കോളേജിൽ സംഘടിപ്പിക്കുന്ന പരിപാടികളുടെ ബാനറുകൾ പൂർണമായും തുണിയിൽ നിർമിച്ചതായിരിക്കണം.

5. പേപ്പർ ഗ്ലാസ്സുകൾ, പ്ലേറ്റുകൾ എന്നിവ വലിയ തോതിൽ ക്യാമ്പസ്സിൽ മാലിന്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നതിനാൽ അവയുടെ ഉപയോഗം പരമാവധി കുറച്ച് പകരം വാഴയില, സ്റ്റീൽ ഗ്ലാസ്സുകൾ എന്നിവ ഉപയോഗിക്കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ പേപ്പർ ഗ്ലാസ്സുകൾ, പ്ലേറ്റുകൾ എന്നിവ ഉപയോഗിക്കേണ്ടിവന്നാൽ അവ ക്യാമ്പസിൽ നിക്ഷേപിക്കാതെ അവയുടെ നിർമാർജനം അതാതു വകുപ്പുകൾ/സെല്ലുകൾ/ക്ലബ്ബുകൾ സ്വന്തം ഉത്തരവാദിത്വത്തിൽ നിർവഹിക്കേണ്ടതാണ്.

6. കോളേജിലെ എഴുപത്തിയഞ്ചാം വാർഷികാഘോഷപരിപാടികൾ പൂർണമായും ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കി വേണം സംഘടിപ്പിക്കാൻ. അതിഥികൾക്കുള്ള ഉപഹാരങ്ങൾ, കുടിക്കുവാൻ വേദിയിൽ കരുതുന്ന കുടിവെള്ളത്തിനുള്ള കുപ്പി എന്നിവ ഒരിക്കലും പ്ലാസ്റ്റിക് ആവരുത്.

7. കോളേജിലെ ഗ്രീൻ ഓഡിറ്റ്, എനർജി ഓഡിറ്റ്, വാട്ടർ ഓഡിറ്റ് എന്നിവ യഥാക്രമം ബോട്ടണി, ഫിസിക്സ്, ജോഗ്രഫി വകുപ്പുകൾ, അതാതു വകുപ്പിൽ നിന്നും ഒരു കോ - ഓർഡിനേറ്ററെ നിശ്ചയിച്ച് നിർവഹിക്കേണ്ടതാണ്.

8. കോളേജിലെ ഇലക്ട്രോണിക്സ് മാലിന്യങ്ങളുടെ സംഭരണവും അത് നിശ്ചിത ഇടവേളകളിൽ മുൻസിപ്പാലിറ്റിക്ക് കൈമാറുന്നതിന്റെയും ചുമതല ഇലക്ട്രോണിക്സ് വകുപ്പ് നിർവഹിക്കേണ്ടതാണ്.

9. കോളേജ് സയൻസ് ലാബുകളിൽ നിന്ന് യാതൊരു കാരണവശാലും ലിക്വിഡ് വേസ്റ്റ് അലക്ഷ്യമായി മണ്ണിൽ നിക്ഷേപിക്കാതെ ശാസ്ത്രീയമായ രീതിയിൽ നിർമാർജനം ചെയ്യേണ്ടതാണ്.

10. കോളേജ് ക്യാമ്പസിനകത്ത് നിലവിലുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ ഈ വരുന്ന ജൂൺ മാസം ആദ്യ ആഴ്ച കോളേജ് എൻ.എസ്.എസ്, എൻ.സി.സി തുടങ്ങിയവയുടെ സഹകരണത്തോടെ കോളേജിലെ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി നീക്കം ചെയ്യേണ്ടതാണ്. അന്നേ ദിവസം അതാതു വകുപ്പ് മേധാവികളുടെ നേതൃത്വത്തിൽ വകുപ്പിലെ വിദ്യാർത്ഥികളുടെ സഹായത്തോടുകൂടി വകുപ്പ് പരിസരം ശുചീകരിക്കേണ്ടതാണ്.

11. എല്ലാ മാസത്തിലെയും ആദ്യ ദിവസം കോളേജ് തലത്തിൽ ഡ്രൈ ഡേ ആചരിക്കുകയും, അന്നേ ദിവസം എല്ലാ വകുപ്പ് മേധാവികളും വകുപ്പും പരിസരവും മാലിന്യമുക്തമാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

12. കോളേജിലെ മാലിന്യനിർമ്മാർജ്ജനത്തിനായി മുനിസിപ്പാലിറ്റിയുടെ സഹകരണം ഉറപ്പുവരുത്താൻ ശ്രമിക്കുന്നതാണ്. കോളേജിനകത്ത് മാലിന്യസംഭരണത്തിനായി ഒരു MCF, തിരഞ്ഞെടുക്കപ്പെട്ട ഇടങ്ങളിൽ മാലിന്യ സംഭരണ ബിന്നുകൾ, നിശ്ചിത ഇടവേളകളിൽ കോളേജിൽ വരുന്ന പ്ലാസ്റ്റിക്, ഇലക്ട്രോണിക് മാലിന്യങ്ങളുടെ സംഭരണം എന്നിവക്കായിരിക്കും മുനിസിപ്പാലിറ്റിയുടെ സഹകരണം തേടുക.

13. കോളേജിലെ ഗ്രീൻ പ്രോട്ടോകോൾ ബോധവത്കരണത്തിനും അനുബന്ധപ്രവർത്തനങ്ങൾക്കുമായി കോളേജ് ഗ്രീൻ പ്രോട്ടോകോൾ നോഡൽ ഓഫീസറുടെ നേതൃത്വത്തിൽ അദ്ധ്യാപകരായ വകുപ്പുതല ഗ്രീ പ്രോട്ടോകോൾ ഓഫീസർമാർ, ഓഫീസിൽ പ്രധിനിധി, വിദ്യാർത്ഥികളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഗ്രീൻ പ്രോട്ടോകോൾ ലീഡർമാർ എന്നിവർ ചേർന്ന കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

14. കോളേജ് ക്യാമ്പസ്സിൽ രണ്ടോ അതിലധികമോ ഇടങ്ങളിൽ ഗ്രീൻ പ്രോട്ടോകോൾ കമ്മിറ്റിയുടെ നേതൃത്വത്തിൽ വിവിധ ഏജൻസികളുടെ സഹകരണത്തോടെ പച്ചത്തുരുത്ത് ഉണ്ടാക്കി സംരക്ഷിക്കേണ്ടതാണ്.

15. കോളേജ് കാന്റീൻ പ്രവർത്തനം പൂർണമായും ഗ്രീൻ പ്രോട്ടോകോൾ പാലിച്ചുകൊണ്ടായിരിക്കണം.

16. ഗ്രീൻ പ്രോട്ടോകോൾ കമ്മിറ്റിയുടെ പ്രവർത്തനങ്ങളോടും നിർദേശങ്ങളോടും എല്ലാവരും പൂർണമായും സഹകരിക്കേണ്ടതാണ്.

17. കോളേജ് തലത്തിൽ ഗ്രീൻ പ്രോട്ടോകോൾ പാലിക്കുന്നതുമായി ബന്ധപ്പെട്ട റിപ്പോർട്ട് എല്ലാ മാസവും പ്രിൻസിപ്പാൾ മുഖേന കോളേജ് ഗ്രീൻ പ്രോട്ടോകോൾ നോഡൽ ഓഫീസർ (ശ്രീ . പ്രദീഷ് കെ, അസിസ്റ്റന്റ് പ്രൊഫസർ , കോമേഴ്സ് വകുപ്പ് ) നൽകേണ്ടതാണ്.

18. ഈ ഉത്തരവ് കർശനമായി നടപ്പിലാക്കാൻ എല്ലാ അദ്ധ്യാപകരും, വിവിധ ക്ലബ്/സെൽ കൺവീനർമാർ/കോർഡിനേറ്റർമാർ, എൻ.എസ്.എസ്, എൻ.സി.സി ഓഫീസർമാർ, ഓഫീസ് ജീവനക്കാർ എന്നിവർ ശ്രദ്ധിക്കേണ്ടതാണ്.

Approval Valid

Digitally Approved By
ഡോ. അനുരാധ.വി.കെ
Date: 02.06.2022

Sd/-
ഡോ. അനുരാധ.വി.കെ
പ്രിൻസിപ്പാൾ

Reason: Approved

സ്വീകർത്താവ്,

ശ്രീ പ്രതീഷ് കെ ,
നോഡൽ ഓഫീസർ ,
ഹരിത കേരളം മിഷൻ ,
ചിറ്റൂർ കോളേജ്

പകർപ്പ്,

(1) കോളേജ് / ഹോസ്റ്റൽ നോട്ടീസ് ബോർഡ്
(2) എല്ലാ ജീവനക്കാരുടെയും അറിവിലേക്ക്
(3) ഫാക്കൽട്ടി ഇമെയിൽ ഗ്രൂപ്പിൽ പ്രസിദ്ധീകരിക്കുന്നതിന്